# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1191

02.03.2017-ൽ
മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിലെ ഇ പേയ്മെന്റ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രേഷൻ വകുപ്പിലെ ഇ പേയ്മെന്റ് സംവിധാനം സംബന്ധിച്ച് പഠനമോ പ്രത്യേക ഒരുക്കങ്ങളോ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകളും NIC യും സംയുക്തമായി പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ രൂപരേഖ തയ്യാറാക്കി പരീക്ഷണ പരിപാടികൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഫയലിംഗ് ഷീറ്റ് സമ്പ്രദായം നിർത്താൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) ഫയലിംഗ് ഷീറ്റ് സമ്പ്രദായം നിർത്തലാക്കുവാൻ വകുപ്പ് ആലോചിച്ചിട്ടില്ല. |
| സി) സൈബർ മേഖലയിൽ ആധികാരിക രേഖകൾക്ക് സുരക്ഷിതത്വം ഉണ്ടോ; ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ വെബ് സൈറ്റുകൾ / വെബ് ആപ്ലിക്കേഷനുകൾ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രണ്ട് സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിലായി ഹോസ്റ്റ് ചെയ്തിരിക്കുന്നു. ഈ വെബ് സൈറ്റുകൾ / വെബ് ആപ്ലിക്കേഷനുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അത്യാധുനിക സുരക്ഷാ സൗകര്യങ്ങൾ ഡാറ്റാ സെന്ററിൽ സജ്ജമാക്കിയിട്ടുണ്ട്. |
| ഡി) രജിസ്ട്രേഷൻ നടക്കുന്നതിന് മുൻപ് രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ടോ; വിശദമാക്കാമോ; | ഡി) സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാര രജിസ്ട്രേഷനുകൾക്ക് ഇ-പേയ്മെന്റ് നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്ന ആധാരത്തിനായി ടോക്കൺ എടുക്കുന്ന വേളയിൽ ബന്ധപ്പെട്ട |

ആധാരത്തിന്മേൽ ഒടുക്കേണ്ട ഫീസ് വിവരങ്ങൾ മുൻകൂട്ടി അറിയുന്നതിനുള്ള സൗകര്യം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ രീതിയിൽ കണക്കാക്കുന്ന ഫീസുകൾ ഇ-പേയ്മെന്റ് മുഖാന്തിരം ഒടുക്കിയ ശേഷം ആധാര രജിസ്ട്രേഷനുവേണ്ടി സമർപ്പിക്കുമ്പോൾ ഒടുക്കുന്ന വിവരങ്ങൾ; സബ് രജിസ്ട്രാർ പരിശോധിക്കുന്ന വേളയിൽ ഫീസ് അപര്യാപ്തമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ആധാര കക്ഷികളോട് കുറവ് തുക കൂടി അടയ്ക്കുവാൻ ആവശ്യപ്പെടുകയും ഇങ്ങനെ ബന്ധപ്പെട്ട ആധാരത്തിന്റെ ഫീസിനത്തിലുള്ള മുഴുവൻ തുകയും സർക്കാരിലേക്ക് ഒടുക്കി വിവരം ബോധ്യപ്പെട്ട ശേഷം മാത്രമാണ് ആധാര രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നത്.

ഇ) ആധാരമെഴുത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് സ്വതന്ത്രമാക്കാൻ സർക്കാർ തലത്തിൽ ആലോചനയുണ്ടോ; വിശദമാക്കുമോ?

ഇ) ഇല്ല.

സെക്ഷൻ ഓഫീസർ